പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 7613

15/07/2014 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

**ചോദ്യം**

ശ്രീ. റ്റി. വി. രാജേഷ്

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; വരുമാന പരിധി എത്രയാണ്; വിശദാംശം നൽകുമോ ?

1. ചികിത്സാ സഹായം, അപകടമരണം എന്നിവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിക്കുന്നത്.

2. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,00,000/-(ഒരു ലക്ഷം) രൂപയിൽ താഴെയായിരിക്കണം.

3. ഒരു വ്യക്തിക്ക് ഒരു തവണ മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുകയുള്ളു.

4. ക്യാൻസർ, കിഡ്നി തുടങ്ങിയ ഗുരുതര രോഗങ്ങൾക്ക് പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായം ലഭിച്ച് രണ്ട് വർഷത്തിനു ശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

5. അപകടമരണങ്ങൾക്ക് ഇരയാകുന്നവരുടെ ആശ്രിതർ, മരണം നടന്ന് ഒരു വർഷത്തിനുള്ളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കേണ്ടതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധന സഹായമായി ജില്ലാ കളക്ടർമാർക്ക് 2000/- രൂപ വരെയും, റവന്യൂ വകുപ്പു മന്ത്രിക്ക് 5000/- രൂപ വരെയും അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം എന്നീ ഗുരുതര രോഗങ്ങൾക്ക് 10,000/- രൂപവരെ അനുവദിക്കുന്നു. തീപിടുത്തം മൂലം

വാസഗൃഹങ്ങൾക്കും, ചെറുകിട വ്യാപാരസ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും, ഇടിമിന്നൽ മൂലമുണ്ടാകുന്ന നാശനഷ്ട ങ്ങൾക്കും 10000/- രൂപ വരെയും ഇടിമിന്നൽ മൂലമുള്ള മരണങ്ങൾക്ക് 1,00,000/- രൂപവരെ യും അനുവദിക്കുന്നു. കടൽക്ഷോഭം മൂലമുണ്ടാ കുന്ന ദുരന്തത്തിൽ മരണമടഞ്ഞ മുതിർന്നവരുടെ കുടംബത്തിന് 1,00,000/- രൂപ വരെയും, കുട്ടികൾക്ക് 50,000/- രൂപ വരെയും, മാരകമായി പരിക്കേൽക്കുന്നവർക്ക് 35,000/- രൂപയും, ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിയിൽ കിടക്കുന്നവർക്ക് 7500 രൂപയും, ഒരാഴ്ച യിൽ കുറവ് ആശുപത്രിയിൽ കിടക്കുന്നവർക്ക് 2500/- രൂപയും, ടി പ്രകൃതിദുരന്തത്തിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർക്ക് താഴെ പറയും വിധവും ധനസഹായം അനുവദിക്കുന്നു.

| | |
|---|---|
| പൂർണ്ണമായി തകർന്ന (Pucca) വീടുകളുടെ കേടുപാടുകൾ തീർക്കുന്നതിന് പരമാവധി | -25,000/- രൂപ |
| Kutcha വീടുകൾക്ക് | -10,000/- രൂപ |
| ഭാഗികമായി തകർന്ന പക്കാ വീടുകൾക്ക് | - 5,000/- രൂപ |
| കച്ചാ വീടുകൾക്ക് | - 2,500/- രൂപ |
| 15% വരെ കേടുപാടുകൾ സംഭവിച്ച പക്കാ വീടുകൾക്ക് | - 2,500/- രൂപ |
| കച്ചാ വീടുകൾക്ക് | - 1,500/- രൂപ |
| പൂർണ്ണമായി തകർന്ന കുടിലുകൾക്ക് | - 2,000/- രൂപ |

വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് പരമാവധി 7500/- രൂപയും, ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 2500/- രൂപയും നൽകുന്നു

1. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപ കടംപോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി രണ്ടു ലക്ഷം രൂപാവീതം എന്ന നിരക്കിൽ ധനസഹായം നൽകുന്നു.

2. സ്ഫോടകശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നതാണ്.

മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ, മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് 1,00,000/- രൂപ വരെ അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി ഒരു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.